## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അവണിശ്ശേരി ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ - 2011-12 – ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-11- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.534/15/തസ്വഭവ തിരുവനന്തപുരം, തീയതി: 21/02/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 18/09/2014-ലെ എം3- 34478/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05/12/2014-ലെ LF.16620/PT2/2014 നമ്പർ കത്ത്.

### ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ അവണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം 83,397/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്) 330/2004 തസ്വഭവ തീയതി 09/12/2014 പ്രകാരം തനത് ആസ്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ഉപയോഗിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിബന്ധന ലംഘിച്ച് പ്രവൃത്തി നടപ്പിലാക്കിയതിനാലാണ് ഓഡിറ്റ് തടസ്സവാദം ഉന്നയിക്കുവാൻ ഇടയാക്കിയിട്ടുള്ളത്. മുൻകൂർ അനുമതി വാങ്ങാതെ പ്രവൃത്തി നടപ്പിലാക്കിയതിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൾവർട്ട് നിർമ്മാണം എന്ന പ്രവൃത്തിയാണ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടത്തിയിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കരുത് എന്നാണ് ഓഡിറ്റ് പരാമർശം. പേരിൽ നിർമ്മാണം എന്ന വാക്ക് വന്നതുകൊണ്ട് മാത്രം ഇടിഞ്ഞു പൊളിഞ്ഞ പൈപ്പ് കലുങ്ക മാറ്റി കോൺക്രീറ്റ് കലുങ്ക് സ്ഥാപിച്ചത് മെയിന്റനൻസ് അല്ലാതാകുന്നില്ല. ആയതിനാൽ തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ കൾവർട്ട് നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച 87,397/- (എൺപത്തിയേഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, അവണിശ്ശേരി ഗ്രാമപഞ്ചായത്ത് തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ